**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3526** **05-08-2021 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർമാർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ച ഓഡിറ്റ് ബോർഡ് എന്ന ഭരണസംവിധാനത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് അനുസരിച്ചാണോ പ്രസ്തുത ബോർഡ് രൂപീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | കാര്യക്ഷമവും, ഫലപ്രദവുമായ ഓഡിറ്റ് നിർവ്വഹണം സാധ്യമാകുന്നതിലേക്കായി സർക്കാരും, കേന്ദ്ര-സംസ്ഥാന ധനകാര്യകമ്മീഷനുകളും കാലാകാലങ്ങളിൽ നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഓഡിറ്റ് നടപടിക്രമങ്ങൾ സംബന്ധിച്ച് വകുപ്പ്തലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലേയ്ക്കായി 2021 മാർച്ച് 8,9,10 തീയതികളിൽ നടന്ന കാര്യാലയമേധാവികളുടെ യോഗത്തിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 18-ലെ വ്യവസ്ഥകൾക്കു വിധേയമായി ഡയറക്ടർ, വകുപ്പിലെ എല്ലാ ജോയിന്റ് ഡയറക്ടർമാർ, ലോ -ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ഒരു ഓഡിറ്റ് ബോർഡ് ഡയറക്ടറുടെ 09.04.2021, 30.04.2021 തീയതികളിലെ DKSA/866/Estt.1/2021 ഉത്തരവുകളിലൂടെ രൂപീകരിക്കുകയും 29.06.2021 ലെ DKSA/857/എസ്.എസ്3/2021 കത്തിലൂടെ സർക്കാരിന്റെ അംഗീകാരം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ 2019-2020 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ; പൂർത്തിയാക്കിയിട്ടില്ലെങ്കിൽ കുടിശ്ശികയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ 2019-2020 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടില്ല. കുടിശ്ശികയുടെ വിവരം അനുബന്ധത്തിൽ ചേർക്കുന്നു |
| (സി) | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തുന്ന വാർഷിക/ കൺകറൻറ് ഓഡിറ്റ് പരിശോധന വിഷയങ്ങൾ ഓഡിറ്റ് ഹെഡുകളായി തിരിച്ച് പരിശോധന നടത്താൻ ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഉത്തരവായത് സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെയാണോ എന്ന് വ്യക്തമാക്കാമോ? | (സി) | 15-ാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് സംസ്ഥാനത്ത് ലഭ്യമാക്കണമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം വികസിപ്പിച്ച ഓഡിറ്റ് ഓൺലൈൻ എന്ന സോഫ്റ്റ് വെയർ മുഖാന്തിരം നടത്തി ഓഡിറ്റ് വിശദാംശങ്ങൾ ഈ സോഫ്റ്റ് വെയറിലെ ഡാഷ്ബോർഡിലെ 6 കീ പെർഫോമൻസ് ഇൻഡിക്കേറ്റേഴ്സിൽ |

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാനങ്ങൾ ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി AIMS സോഫ്റ്റ് വെയർ ഉപയോഗിച്ച് വരുന്നതിനാൽ, 09.11.2020-ലെ F.No.M.11015/251/2020/FD നമ്പർ കേന്ദ്ര പഞ്ചായത്ത് മന്ത്രാലയത്തിന്റെ കത്ത് പ്രകാരം MoPR സംസ്ഥാനത്തെ ഓഡിറ്റ് ഓൺലൈൻ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിൽ നിന്നും ഒഴിവാക്കി പകരം AIMS ൽ നിന്നും ലഭിക്കുന്ന ഓഡിറ്റഡ് റിപ്പോർട്ട് ഡേറ്റാ ഓഡിറ്റ് ഓൺലൈൻ സോഫ്റ്റ്വെയറിന്റെ 6 കീ പെർഫോമൻസ് ഇൻഡിക്കേറ്റേഴ്സിലായി ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച 6 കീ പെർഫോമൻസ് ഇൻഡിക്കേറ്റേഴ്സിൽ ഒരു കീ പെർഫോമൻസ് ഇൻഡിക്കേറ്റർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് വിവിധ ഓഡിറ്റ് ഹെഡുകൾ വേർതിരിച്ചിട്ടുള്ളതാണ്. ആയതിനാൽ ഇതിലേയ്ക്ക് എയിംസിൽ പ്രതിഫലിച്ചിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് ഡേറ്റാ ഇന്റഗ്രേറ്റ് ചെയ്യുന്നതിനു വേണ്ടി ഓഡിറ്റ് ഹെഡുകൾ വേർതിരിച്ച് ഉൾക്കൊള്ളിക്കേണ്ട സാഹചര്യം modification & enhancement ലൂടെ എയിംസ് സോഫ്റ്റ്വെയറിൽ നിലവിൽ വന്നു. 20.03.2020-ലെ സ.ഉ (സാധാ) നം.2359/2020/ധന പ്രകാരം കെൽട്രോണിൽ നിന്നും മേൽപ്പറഞ്ഞ modification എയിംസിൽ നടത്തുന്നതിനു വേണ്ടി effort quantification & cost estimation ലഭ്യമാക്കി ഐ.ടി മിഷൻ വിദഗ്ധർ അടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയ ശേഷമാണ് മേൽപ്പറഞ്ഞ ഓഡിറ്റ് ഹെഡുമായി ബന്ധപ്പെട്ട modificationsഎയിംസിൽ നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

| സ്ഥാപനത്തിന്റെ വിവരം | ഓഡിറ്റ് ചെയ്യേണ്ട ആകെ സ്ഥാപനങ്ങളുടെ എണ്ണം | ഓഡിറ്റ് പൂർത്തിയാക്കിയവ | ഓഡിറ്റ് പൂർത്തിയാക്കാൻ അവശേഷിക്കുന്നവ |
|---|---|---|---|
| ഗ്രാമപ്പഞ്ചായത്ത് | 886 | 360 | 526 |
| ബ്ലോക്ക് പഞ്ചായത്ത് | 136 | 13 | 123 |
| ജില്ലാ പഞ്ചായത്ത് | 14 | 13 | 1 |
| നഗരസഭ | 93 | 0 | ഓഡിറ്റ് പുരോഗമിക്കുന്നു |
| സർവ്വകലാശാല | 12 | 1 | 11 |
| മറ്റു സ്ഥാപനങ്ങൾ | 5563 | 1212 | 4341 |